## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1121** **30.10.2019 ൽ മറുപടിയ്ക്ക്**

**മയക്കമരുന്നുകേസുകളിൽ ചാർജ്ജ് ഷീറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെസി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മയക്കമരുന്ന് കേസുകളിൽ ചാർജ്ജ് ഷീറ്റ് നൽകുവാൻ കാലതാമസം ഉണ്ടാകുന്നത് മൂലം പ്രതികൾക്ക് ജാമ്യം കിട്ടുവാൻ സാധ്യതയുണ്ടാകുന്നുവെന്ന ആലപ്പുഴ ജില്ലാ കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിമർശനം ഉണ്ടായത് ഏത് സാഹചര്യത്തിലാണ്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ റെയിഞ്ച് ക്രൈം 28/19, 31/19 എന്നീ കേസുകളിൽ സ്റ്റാറ്റ്യൂട്ടറി പിരിയഡിനുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രതികൾക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ കേസുകളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | എൻ.ഡി.പി.എസ് കേസുകളിൽ ഉണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനയ്ക്ക് അനുസൃതമായി കേസുകളിൽ സമയപരിധിക്കുള്ളിൽ കുറ്റപത്രം സമർപ്പിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള സംവിധാനം നിലവിലുണ്ടോ; | (ബി) | സംവിധാനം നിലവിലുണ്ട്. പരമാവധി കേസുകളിൽ നിയമാനുസൃതമായ സമയ പരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചുവരുന്നുണ്ട്. മീഡിയം ക്വാണ്ടിറ്റി എൻ.ഡി.പി.എസ്. കേസുകളിൽ പ്രതിയുടെ അറസ്റ്റ് തീയതി മുതൽ 60 ദിവസത്തിനകവും കൊമേഴ്സ്യൽ ക്വാണ്ടിറ്റി എൻ.ഡി.പി.എസ്. കേസുകളിൽ 180 ദിവസത്തിനകവും അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുവാൻ 'ഓപ്പറേഷൻ സീറോ ടോളറൻസ്' എന്ന പ്രത്യേക പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇരുപത് കിലോ വരെ ലഹരി വസ്തുക്കൾ പിടികൂടിയതും അതിന് മുകളിൽ പിടികൂടിയതുമായ എത്ര കേസുകളിലാണ് ഇനിയും കുറ്റപത്രം സമർപ്പിക്കുവാനുള്ളത് എന്ന് അറിയിക്കാമോ | (സി) | 20 കിലോ വരെയുള്ള സ്മാൾ / മീഡിയം ക്വാണ്ടിറ്റി ലഹരി വസ്തുക്കൾ പിടികൂടിയ 2264 കേസുകളിലും 20 കിലോയ്ക്ക് മുകളിലുള്ള കൊമേഴ്സ്യൽ ക്വാണ്ടിറ്റി മയക്കമരുന്ന് പിടികൂടിയ 14 കേസുകളിലും കുറ്റപത്രം സമർപ്പിക്കാനുണ്ട്. |
| (ഡി) | പ്രസ്തുത കേസുകളിൽ അടിയന്തരമായി കുറ്റപത്രം സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കുറ്റപത്രം സമർപ്പിക്കുവാൻ അവശേഷിച്ചിട്ടുള്ള മുഴുവൻ കേസുകളിലും അന്വേഷണം പൂർത്തിയാക്കി അടിയന്തിരമായി കുറ്റപത്രം സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ